ഇ. എ. എൽ. പി. എസ്,
തോണിപ്പാറ

# സ്കൂൾ മാസ്റ്റർ പ്ലാൻ

# 2025-26

# സ്കൂൾ മാസ്റ്റർ പ്ലാൻ

# 2025-26

# സ്കൂൾ പ്രൊഫൈൽ

പേര് : ഇ. എ. എൽ. പി സ്കൂൾ, തോണിപ്പാറ

സ്ഥാപിതം : 1908

മേൽവിലാസം : ഇ. എ. എൽ. പി. സ്കൂൾ തോണിപ്പാറ, വെണ്ണിക്കുളം (P.O)

റവന്യൂ ജില്ല : പത്തനംതിട്ട

വിദ്യാഭ്യാസ ജില്ല : തിരുവല്ല

ഉപജില്ല : വെണ്ണിക്കുളം

ബ്ലോക്ക് പഞ്ചായത്ത് : കോയിപ്രം

പഞ്ചായത്ത് : പുറമറ്റം

വാർഡ് : 7

പ്രധാനധ്യാപിക : ശാന്തി മേരി ജോർജ്

ഫോൺ നമ്പർ : 8157951947

പി. ടി. എ പ്രസിഡന്റ് : സൽമ വി. എസ്

THONIPPARA E.A.L.P.S ★ VENNIKULAM P.O ★

# ഉള്ളടക്കം


* സ്കൂൾ പ്രൊഫൈൽ
* ആമുഖം
* സ്കൂൾ ചരിത്രം
* ലക്ഷ്യങ്ങൾ
* വിദ്യാലയം- മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
* പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
* നിലവിലെ അവസ്ഥാ വിശകലനം
* മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ
* പ്രവർത്തനത്തിന്റെ പേര്, ലക്ഷ്യങ്ങൾ, പ്രവർത്തന ക്രമം, മേഖല, കാലയളവ്, ചുമതല ധനകാര്യ വിശകലനം.
* പ്രതീക്ഷിത നേട്ടങ്ങൾ


THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

# ആമുഖം

മല്ലപ്പള്ളി താലൂക്കിൽപെട്ട പുറമറ്റം വില്ലേജിൽ പുറമറ്റം പഞ്ചായത്തിലെ 7-ാം വാർഡിൽ വെണ്ണിക്കുളം മല്ലപ്പള്ളി റോഡിൽ വെള്ളാറ ജംഗ്ഷനിൽ നിന്നും ഒരു കിലോമീറ്റർ ദൂരത്ത് തെള്ളിയൂർക്കാവിന് അടുത്തായി ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. വെള്ളാറ എബനേസർ മാർത്തോമ പള്ളി, സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, എസ്. എൻ. ഡി. പി ഗുരുമന്ദിരം, തെള്ളിയൂർക്കാവ് ക്ഷേത്രം എന്നീ ആത്മീയ കേന്ദ്രങ്ങൾ സ്കൂളിന് അടുത്തായി സ്ഥിതി ചെയ്യുന്നു.

# സ്കൂൾ ചരിത്രം

ഉദ്ദേശം 113 വർഷങ്ങൾക്ക് മുമ്പ് വിദ്യാലയങ്ങളിൽ അവശ സമുദായങ്ങളിൽപ്പെട്ടവർക്ക് സവർണ്ണരോടൊത്ത് പ്രവേശനം തടഞ്ഞിരുന്ന കാലമുണ്ടായിരുന്നു. ആ കാലയളവിൽ മലങ്കര മാർത്തോമ സുവിശേഷ സംഘത്തിൽ നിന്നും അങ്ങനെയുള്ളവരുടെ ഉദ്ധാരണത്തിനായി പല സ്ഥലങ്ങളിലും അക്ഷരാഭ്യാസം നൽകുന്നതിന് പല വിദ്യാലയങ്ങളും സ്ഥാപിക്കുകയുണ്ടായി. അങ്ങനെ തോണിപ്പാറ പ്രദേശത്തുള്ളവരുടെ അഭിവൃദ്ധിക്കുവേണ്ടി സ്ഥാപിതമായതാണ് ഈ വിദ്യാലയം.

THONIPPARA E.A.L.P.S ★ VENNIKULAM P.O ★

## സ്ഥലം

പരേതനായ പാലക്കുഴ ശ്രീ. പി. ജി ഗീവർഗീസ് അവർകൾ സ്വന്തമായി തന്നിട്ടുള്ളതാണ് സ്കൂൾ സ്ഥലം

## മാനേജ്മെന്റ്

മലങ്കര മാർത്തോമ സുവിശേഷ പ്രസംഗ സംഘം- വകയാണ് എം. റ്റി. & ഇ. എ മാനേജ്മെന്റ് സ്ഥാപനകാലം- കൊല്ലവർഷം 1083-ൽ

## പ്രാരംഭം

താൽക്കാലിക ഷെഡ് വച്ച് പ്രായമുള്ള അവശ- സമുദായക്കാരായവർക്ക് നൈറ്റ് സ്കൂൾ ആയിട്ടും കുട്ടികൾക്ക് സാധാരണ സ്കൂൾ ആയിട്ടും കുടിപ്പള്ളിക്കൂടം എന്ന നിലയിലുമാണ് ക്ലാസ് നടത്തി വന്നത്. അത് നിമിത്തം അവർക്ക് അക്ഷരാഭ്യാസം ലഭിക്കുന്നതിനും ശുചിത്വബോധവും മനപരിഷ്കാരവും ലഭിക്കുന്നതിനും ഇടയാക്കി തീർന്നു. മാനേജ്മെന്റിന്റെ ഈ പ്രവർത്തനത്തിൽ ഗവൺമെന്റിന് പ്രത്യേക താൽപര്യം തോന്നിയതിന്റെ ഫലമായി കൊല്ലവർഷം 1091- 10-ാമാണ്ട് ഈ സ്കൂൾ ഒരു എയിഡഡ് സ്കൂൾ ആയി അംഗീകരിക്കുകയുണ്ടായി. തോണിപ്പാറ പ്രദേശത്തെ

PARA E.A.L.P.S ★ ...NNIKULAM P.O.

# ലക്ഷ്യങ്ങൾ

* അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലക്ഷ്യമാക്കി കൊണ്ട് അനന്യമായ കേരള മാതൃക സൃഷ്ടിക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷി കൈവരിച്ചുവെന്ന് ഉറപ്പുവരുത്തൽ.

* എല്ലാ കുട്ടികൾക്കും മലയാളം എഴുതുന്നതിനും വായിക്കുന്നതിനും പ്രേരണ നൽകുന്നു.

* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായുള്ള കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ വരുത്താൻ പ്രാപ്തരാക്കും.

* കുട്ടികൾക്ക് ഗണിതപഠനം ആയാസകരവും വിജ്ഞാനപ്രദവുമാക്കുന്നു.

* കുട്ടികളുടെ പൊതുവിജ്ഞാനം വർധിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നു, പതിപ്പുകൾ തയ്യാറാക്കുന്നു.

* പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കുന്നു.

THONIPPARA E.A.L.P.S ★ VENNIKULAM P.O ★

# പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

* എസ്. ആർ. ജി യോഗത്തിൽ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
* വികസനാവശ്യങ്ങൾ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
* കരട് രൂപരേഖ എസ്. ആർ. ജി, പി. ടി. എ, എം. പി. ടി. എ ജനപ്രതിനിധികൾ തുടങ്ങിയ- വരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
* ശില്പശാലയിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
* ക്ലാസ്തല മാസ്റ്റർ പ്ലാൻ രൂപീകരണം.
* സ്കൂൾ തല മാസ്റ്റർ പ്ലാൻ രൂപീകരണം.

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

# നിലവിലെ അവസ്ഥാ വിശകലനം

1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ പഠനം സുഗമമായി നടത്താൻ വേണ്ട ക്രമീകരണങ്ങൾ ഉണ്ട്. മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ടോയ്‌ലറ്റ്, യൂറിനൽസ് വെള്ളത്തിന്റെ കണക്ഷൻ, വൈദ്യുതി ലൈറ്റ് ഫാൻ എന്നി സൗകര്യങ്ങൾ വിദ്യാലയത്തിൽ ആവശ്യത്തിനുണ്ട്. റോഡിൽ നിന്നും അല്പം പൊക്കത്തിലായിരിക്കുന്ന സ്കൂളായതിനാൽ പടികൾ നിർമ്മിച്ചിട്ടുണ്ട്. മുറ്റം വൃത്തിയായി കെട്ടി chips ഇട്ട് ഭംഗിയായി ക്രമീകരിച്ചിരിക്കുന്നു. സ്കൂൾ മുറ്റത്ത് ചെടികൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്. സ്കൂൾ പുരയിടത്തിൽ വാഴ, കപ്പ, എന്നീ കൃഷികളും നടത്തി വരുന്നു. പച്ചക്കറി-ത്തോട്ടം വിപുലീകരിക്കാൻ വേണ്ട കാര്യങ്ങൾ ചെയ്തു വരുന്നു. Laptop-ഉം പ്രൊജക്ടറും ഉപയോഗിച്ച് പഠനം സുഗമമായി നടത്തി വരുന്നു. വായന മെച്ചപ്പെടുത്താൻ ഒരു വായനാമൂല ക്രമീകരിച്ചിട്ടുണ്ട്.

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| * ഭാഷാ ശേഷി വികസനം | * ചുറ്റു മതിലും ഗേറ്റും പടവുകളും | * പഠനയാത്ര |
| * ഗണിതശേഷി വികസനം | * മെച്ചപ്പെട്ട ഇരിപ്പിടം കുട്ടികൾക്ക് ഒരുക്കൽ | * വിവിധ മേഖലകളിൽ പ്രഗത്ഭരായ ആളുകളുമായി അഭിമുഖം |
| * ഇംഗ്ലീഷ് പഠനപരിപോഷണം | | * അംഗൻവാടി സന്ദർശിക്കൽ |
| * ദിനാചരണം | | * ദിനാചരണങ്ങൾ വാർഷികം എന്നിവയിൽ പഞ്ചായത്ത് മറ്റ് പൊതുജനങ്ങൾ ഉൾപ്പെടുത്തൽ |
| * വിജ്ഞാന വീഥി | | |
| * പ്രതിഭാ പോഷണ പരിപാടി | | |
| * ശാസ്ത്രപഠനം | | |
| * ചലനാത്മകമായ ക്ലാസ് റൂം പ്രവർത്തനങ്ങൾ | | |
| * ഹിന്ദി പഠനം | | |

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : മധുരം മലയാളം

മേഖല : അക്കാദമികം

> ലക്ഷ്യങ്ങൾ :

* മുഴുവൻ കുട്ടികളെയും വായനയിൽ താത്പര്യമുള്ളവരായി മാറ്റുക.

* വായനാവസരങ്ങൾ സൃഷ്ടിക്കുക.

> പ്രവർത്തനക്രമം

* കുട്ടികളുടെ വായനാവസരങ്ങൾ വർദ്ധിക്കുന്നതിനുവേണ്ടി ബാലമാസികകൾ പുസ്തകങ്ങൾ തുടങ്ങിയവ ശേഖരിച്ച് വിതരണം ചെയ്യുക

* വായിച്ച് തുടങ്ങുന്നവർക്ക് അനുയോജ്യമായ ചെറിയ പുസ്തകങ്ങൾ വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്യും

* സ്കൂളിൽ ഓപ്പൺ ലൈബ്രറി സ്ഥാപിക്കും

> കാലയളവ് - ദിവസവും ഇടവേള സമയങ്ങളിൽ

> നിർവ്വഹണ ചുമതല - ക്ലാസ് ചുമതലയുള്ള അധ്യാപകർ

> ധനകാര്യ വിശകലനം - 1000/- സ്പോൺസർഷിപ്പ്

HOLINIPPARA E.A.L.P.S ★ VENNIKULAM P.O ★

പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : വായനാ സൗഹൃദം

മേഖല : അക്കാദമികം

> ലക്ഷ്യങ്ങൾ :

കുട്ടികളെ വായനയിലേക്ക് ആകർഷിക്കുന്നു.

> പ്രവർത്തന ക്രമം :

സ്കൂൾ ഓപ്പൺ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ വിതരണം നടത്തി. പുസ്തകത്തിന്റെ പേരും കൈമാറുന്ന ദിവസവും കൃത്യമായി എഴുതി സൂക്ഷിക്കുന്നു. വായിച്ച പുസ്തകത്തിന്റെ വായനാകുറിപ്പുകൾ തയ്യാറാക്കുന്നു. അവ കൈമാറി വായിക്കാൻ അവസരം നൽകുന്നു. വിദ്യാരംഗം കൺവീനറുടെ നേതൃത്വത്തിൽ ഈ കുറിപ്പുകൾ വിലയിരുത്തുന്നു.. അവ മികവുറ്റതാകുവാനും ഇങ്ങനെ തയ്യാറാക്കുന്നവ പതിപ്പാക്കുകയും ചെയ്യുന്നു.

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

പ്രവർത്തനം : 3

പ്രവർത്തനത്തിന്റെ പേര് : അക്ഷരമുറ്റം

മേഖല : അക്കാദമികം

> ലക്ഷ്യങ്ങൾ :

വായന, എഴുത്ത് ഇവയിൽ പിന്നാക്കം നിൽക്കുന്നവരെ പ്രോത്സാഹിപ്പിക്കുക. അക്ഷരങ്ങൾ ചിഹ്നങ്ങൾ മുതലായവ ഉറപ്പിക്കൽ കടങ്കഥകൾ, കഥകൾ എന്നിവയ്ക്ക് ഊന്നൽ നൽകാൻ ലൈബ്രറി ഉപയോഗപ്പെടുത്തൽ

> പ്രവർത്തന ക്രമം:

* അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനായി പദകേളികൾ നൽകൽ
* വായനയിൽ പിന്നാക്കം നിൽക്കുന്നവർക്കായി പ്രത്യേകം തിരഞ്ഞെടുത്ത പുസ്തകങ്ങൾ നൽകൽ.
* കുറിപ്പുകൾ തയ്യാറാക്കാൻ ICT സാധ്യത ഉപയോഗപ്പെടുത്തൽ

> കാലയളവ് :

ദിവസവും ഒഴിവു സമയങ്ങളിൽ

> നിർവ്വഹണ ചുമതല: SRG

> ധനകാര്യ വിശകലനം : 500/- SSA fund.

THONIPPARA E.A.L.P.S ★ VENNIKULAM P.O ★

പ്രവർത്തനം : 4

പ്രവർത്തനത്തിന്റെ പേര് : English Fest

മേഖല : ഇംഗ്ലീഷ് പഠനം

ലക്ഷ്യങ്ങൾ:

വ്യാകരണ ശുദ്ധിയോടും ഉച്ചാരണ ശുദ്ധിയോടും ഇംഗ്ലീഷ് പറയുന്നതിനും എഴുതുന്നതിനും കഴിയുന്ന. നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കൽ

› പ്രവർത്തന ക്രമം!

കുട്ടികൾ പഠിച്ചതും മറ്റ് ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ചതിൽ നിന്നുമുള്ള കഥകൾ, Rhymes, conversation ലഘു പ്രസംഗം, riddles, skit എന്നിവ തെറ്റുകൂടാതെ ഒരു പൊതു മീറ്റിംഗിൽ നടത്തുക. ഇവ നടത്തുന്നതിന് ഇത് നടത്തുന്നതിനു കുട്ടികൾക്കാവശ്യമുള്ള പരിശീലനം നൽകുക.

› കാലയളവ്

ഒരു വർഷത്തിലെ ഒക്ടോബർ-മാർച്ച് മാസങ്ങളിലായി രണ്ടു പ്രാവശ്യം

› നിർവ്വഹണം

ഇംഗ്ലീഷ് അധ്യാപകർ

› ധനകാര്യവിനിമയം

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

പ്രവർത്തനം : 5

പ്രവർത്തനത്തിന്റെ പേര് : മാജിക് ഇംഗ്ലീഷ്

മേഖല : അക്കാദമികം.

› ലക്ഷ്യങ്ങൾ

ഒന്നാം തരം മുതൽ നാലാം തരം വരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിൽ താത്പര്യം ജനിപ്പിക്കുന്നതിന്.

› പ്രവർത്തന ക്രമം

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്ക് പുറമെ വായനക്ക് താത്പര്യം ജനിപ്പിക്കുന്ന തരത്തിലുള്ള ചെറിയ കഥകൾ കവിതകൾ വായിച്ചു കേൾപ്പിക്കുന്നു. മോണിറ്ററിംഗ് നടത്തി പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെ സഹായിക്കുന്നു.

› കാലയളവ്

ഇടവേള സമയങ്ങളിൽ

› നിർവ്വഹണ ചുമതല

ഇംഗ്ലീഷ് അധ്യാപകർ

› ധനകാര്യ വിനിമയം

500 രൂപ

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

പ്രവർത്തനം : 7

പ്രവർത്തനത്തിന്റെ പേര്: ഗണിത മധുരം

മേഖല : ഗണിതച്ചെപ്പ്

| ലക്ഷ്യങ്ങൾ | പ്രവർത്തന ക്രമം | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിനിയോഗം. |
|---|---|---|---|---|
| ഗണിതം ആസ്വാദകരവും ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കാനുതകുന്ന ഗണിത ശേഷികൾ നേടുന്നതിനും കഴിവ് വളർത്തുന്നു. | പ്രീ-ടെസ്റ്റ് നടത്തി ഗണിതത്തിൽ അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്തവരെ കണ്ടെത്തി എസ്.ആർ.ജിയിൽ ചർച്ച ചെയ്ത് പ്രവർത്തന മേഖലകൾ നിശ്ചയിച്ച്. പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനപുരോഗതി SRG-യിൽ വിലയിരുത്തുന്നു. [പരിഹരിച്ച മേഖലകൾ ഗണിത കഥ, പാട്ട്, ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നൽകൽ] സംഖ്യാബോധം ഉറപ്പിക്കൽ ഉല്ലാസ ഗണിതം വിജയ പ്രവർത്തനങ്ങൾ | ഒരു വർഷം | ഗണിത അധ്യാപിക | 500/- |

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

പ്രവർത്തനം : 8

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ

മേഖല : സമഗ്ര വികസനം [അക്കാദമികം]

| ലക്ഷ്യങ്ങൾ | പ്രവർത്തന ക്രമം | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിനിമയം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി-യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. സാമൂഹിക ഇടപെടലോടു നടത്താൻ തീരുമാനിച്ചു. | ആവശ്യാനുസരണം | SRG | PTA. |

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

പ്രവർത്തനം . 9

പ്രവർത്തനത്തിന്റെ പേര് : വിജ്ഞാനവീഥി

മേഖല : പൊതുവിജ്ഞാനം

| ലക്ഷ്യങ്ങൾ | പ്രവർത്തന ക്രമം | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിനിയോഗം |
|---|---|---|---|---|
| കുട്ടികളിലെ പൊതുവിജ്ഞാന ശേഷി ഉയർത്തുക, മത്സര പരീക്ഷകളിലും മറ്റും വിജയം നേടാൻ പ്രാപ്തരാക്കുക. | എല്ലാ ദിവസവും നിശ്ചയിക്കപ്പെട്ട കുട്ടികൾ ചോദ്യങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. അറിയാത്തവർക്ക് പഠിപ്പിച്ച് കൊടുക്കുന്നു. മാസാവസാനം പരീക്ഷ നടത്തി വിജയിച്ചവർക്ക് സമ്മാനം നൽകുന്നു. വർഷാവസാനം മെഗാ ക്വിസ് നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു. | മാസത്തിലൊരിക്കൽ | ഹെഡ്മിസ്ട്രസ് | 800/- സമ്മാനത്തുക (Staff fund) |

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

പ്രവർത്തനം : 10

പ്രവർത്തനത്തിന്റെ പേര് : പരിസരപഠനം. ശാസ്ത്രമൂലയുടെ സഹായത്തോടെ

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തന ക്രമം | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസുകളിലും ശാസ്ത്ര മൂല ഉറപ്പാക്കുന്നു. | * ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>* തയ്യാറാക്കിയ സാധനങ്ങളെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കൽ<br>* എല്ലാ ക്ലാസുകളിലേയും ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്തു പരിശീലിപ്പിക്കൽ | 6 മാസം | ഹെഡ്മിസ്ട്രസ് | PTA ഫണ്ട് |

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

പ്രവർത്തനം : 11

പ്രവർത്തനത്തിന്റെ പേര് : സർഗ്ഗകേളി

മേഖല : അക്കാദമികം

ഉപമേഖല : ടാലന്റ് ലാബ്

| ലക്ഷ്യങ്ങൾ | പ്രവർത്തന ക്രമം | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാനും ആവശ്യമായ സാഹചര്യം ഒരുക്കുന്നു അതിന് പ്രോത്സാഹനം നൽകുന്നു. | ഓരോ കുട്ടിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തുന്നു. പൂർവ്വ അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ വേണ്ട പരിശീലനം നൽകുന്നു. | ഒരു വർഷം | ഹെഡ്മിസ്ട്രസ് | പൂർവ്വ വിദ്യാർത്ഥികൾ |

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

പ്രവർത്തനം : 12

പ്രവർത്തനത്തിന്റെ പേര് : പഠനയാത്ര

മേഖല : സാമൂഹികം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിച്ച് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ | മികവാർന്ന വിധത്തിൽ പാഠ-പാഠാനുബന്ധ-പ്രവർത്തനങ്ങൾ നടത്തുന്നതിനു അനുയോജ്യമായ സ്ഥലത്തേക്ക് യാത്ര നടത്തി അനുഭവത്തെ അടുത്തറിയൽ | വർഷത്തിൽ ഒരിക്കൽ | PTA , SRG | 3000/- PTA fund. |

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

പ്രവർത്തനം : 13

പ്രവർത്തനത്തിന്റെ പേര് : ചുറ്റുമതിൽ, കവാടം

മേഖല : ഭൗതികം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കാൻ സുരക്ഷിതത്വം. | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക, ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം എന്നിവ സജ്ജമാക്കാൻ | 2 വർഷം | PTA | 3 ലക്ഷം. |

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★

# പ്രതീക്ഷിത നേട്ടങ്ങൾ

* കുട്ടികളിൽ അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനായി അക്ഷരമരം തയ്യാറാക്കുന്നു

* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതുവാനും സഹായകമാകാൻ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ.

* കുട്ടികളുടെ രചനാശേഷി വർധിപ്പിക്കാൻ എഴുത്തു പ്രവർത്തനങ്ങൾ

* ഗണിതപഠനം നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കും

* ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാൻ സാധിക്കും.

* കുട്ടികളിലെ പൊതുവിജ്ഞാനം ഉയർത്താൻ പൊതുവിജ്ഞാന മരം നിർമ്മിക്കും

* കുട്ടികളിൽ സമഗ്രവികാസം ഉറപ്പുവരുത്താൻ സാധിക്കും

* കുട്ടികളിലെ അന്തർലീനമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കാൻ. സാധിക്കും

* കുരുന്നു കൃഷിത്തോട്ട നിർമ്മാണം.

THONIPPARA E.A.L.P.S ★ VENNIKULAM P.O. ★